പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4849

27/06/2014-ൽ മറുപടിക്ക്

## സ്നേഹിത ജെന്റർ ഹെൽപ്പ് ഡെസ്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ | | ഡോ.എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) | |
| (എ) | കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സ്നേഹിത ജെന്റർ ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതിനകം എത്ര സ്നേഹിത ജെന്റർ ഹെൽപ്പ ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ട്; എവിടെയെല്ലാമാണ് ആരംഭിച്ചത്; | (ബി) | 3 എണ്ണം. തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിലാണ് 'സ്നേഹിത' ഹെൽപ്പ്ഡെസ്കുകൾ ആരംഭിച്ചിട്ടുള്ളത്. |
| (സി) | സ്നേഹിത ജെന്റർ ഹെൽപ്പ് ഡെസ്ക്കുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | സ്നേഹിത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു<br><br>1. സഹായം അഭ്യർത്ഥിച്ചു വരുന്ന സ്ത്രീകൾക്ക് വേണ്ട പിന്തുണയും നിർദ്ദേശവും നൽകി അനുയോജ്യമായ സേവനദാതാക്കളുമായോ സ്ഥാപനങ്ങളുമായോ ബന്ധപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുക.<br><br>2. അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും വിവേചനങ്ങൾക്കും വിധേയരായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസിലിംഗ്, താത്ക്കാലിക അഭയം, അടിയന്തിര ഘട്ടങ്ങളിൽ നിയമസഹായം ലഭ്യമാക്കുന്നതിന് നിലവിലുള്ള സഹായസംവിധാനങ്ങളുമായി ബന്ധപ്പെടുത്തുക.<br><br>3. മറ്റ് സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്തുവരുന്ന സ്ത്രീകൾക്ക് ആവശ്യമായ പിന്തുണാ നിർദ്ദേശങ്ങൾ നൽകുക (താമസം, സ്ഥലങ്ങൾ-സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ).<br><br>4. ഉപജീവനം-അതിജീവനം-സുരക്ഷ തുടങ്ങിയവയ്ക്കായി ഏതെങ്കിലും സർക്കാർ-സർക്കാരേതര സ്ഥാപനങ്ങളുടെ സേവനം ആവശ്യമായ സ്ത്രീകൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു സർവീസ് സെന്ററായി പ്രവർത്തിക്കുക. |

| | | | |
|---|---|---|---|
| (ഡി) | സ്നേഹിത ജെന്റർ ഹെൽപ്പ് ഡെസ്ക്കിന്റെ സേവനം ലഭിക്കാൻ വനിതകൾ ആരെയാണ് സമീപിക്കേണ്ടത് എന്ന് അറിയിക്കുമോ? | (ഡി) | അതാത് ജില്ലകളിൽ രൂപീകരിച്ചിട്ടുള്ള ജെന്റർ ഹെൽപ്പ് ഡെസ്ക്കിനെയോ ഹെൽപ്പ് ഡെസ്ക് ഇല്ലാത്ത ജില്ലകൾ ഏറ്റവും സമീപത്തുള്ള ജില്ലയിലെ ഹെൽപ്പ് ഡെസ്കിനെയോ, സേവനങ്ങൾക്കായി സമീപിക്കേണ്ടതാണ്. 24 മണിക്കൂറും സർവ്വീസ് പ്രൊവൈഡർ/ കൗൺസിലർമാരുടെ സേവനം ലഭ്യമാണ്. ഹെൽപ്പ് ഡെസ്ക്കിന്റെ സേവനങ്ങൾക്കായി വിളിക്കേണ്ട ടെലിഫോൺ നമ്പറുകൾ ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം: 8281770114, 0471-2313661<br>എറണാകുളം- 8281771111- 0484-2428745<br>മലപ്പുറം- 8281771700- 0483-2770500 |

സെക്ഷൻ ഓഫീസർ